**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4283** **18-07-2022 - ൽ മറുപടിയ്ക്ക്**

**വൈദ്യുതി തടസ്സം പരിഹരിക്കുന്നതിനുള്ള നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വാഴൂർ സോമൻ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | പീരുമേട് ഇലക്ട്രിക്കൽ സെക്ഷന് കീഴിൽ വാഗമണ്ണിൽ ഒരു സബ്എഞ്ചിനീയർ ഓഫീസ് അനുവദിച്ച് ടൂറിസം മേഖലയായ പ്രദേശത്തെ വൈദ്യുതി തടസ്സങ്ങൾ അടിയന്തരമായി പരിഹരിക്കുവാൻ നടപടി സ്വീകരിക്കാമോ; | (എ) | പുതുതായി ഓഫീസുകൾ ആരംഭിക്കുന്നതിന് അധിക മാനവശേഷി ആവശ്യമായി വരുമെന്നതിനാലും പുന:സംഘടനയുമായി ബന്ധപ്പെട്ട് ഉടനെ തസ്തികകൾ രൂപീകരിക്കുന്നതിന് തടസ്സങ്ങൾ ഉള്ളതിനാലും വാഗമണ്ണിൽ സബ് എൻജിനീയർ ഓഫീസ് അനുവദിയ്ക്കുന്നതു പ്രായോഗികമല്ല. ഉപഭോക്താക്കളുടെ എണ്ണം വർദ്ധിച്ച് വരുന്ന സാഹചര്യത്തിൽ ഉപഭോക്താക്കളുടെ എണ്ണം വൈദ്യുതി ലൈനുകളുടെ നീളം, ട്രാൻസ്ഫോർമറുകളുടെ എണ്ണം പ്രവർത്തന മേഖലയുടെ വിസ്തീർണ്ണം എന്നിവ പരിശോധിച്ച് ഏകദേശം തുല്യത വരുത്തി സെക്ഷൻ ഓഫീസുകളെ പുനർ നിർണയിക്കുന്നതിനും സെക്ഷൻ ഓഫീസുകളെ ശാക്തീകരിക്കുന്നതിനുമായുള്ള പ്രവൃത്തികൾ കെ.എസ്.ഇ.ബി.എൽ-ൽ നടന്നു വരുന്നുണ്ട്.<br><br>വൈദ്യുതി സംബന്ധമായ പരാതികൾ പരിഹരിക്കുന്നതിനും 24 മണിക്കൂറും പ്രവർത്തിക്കുന്ന കേന്ദ്രീകൃത ഉപഭോക്തൃ സേവന കേന്ദ്രവും 1912 എന്ന ടോൾ ഫ്രീ നമ്പറും, വാട്സ് അപ്പ് എന്ന സോഷ്യൽ മീഡിയ സംവിധാനം വഴി 9496001912 എന്ന നമ്പറിൽ ഉപഭോക്താക്കളുടെ പരാതി സ്വീകരിക്കുന്നതിനുള്ള സംവിധാനവും വൈദ്യുതി സംബന്ധമായ അപകടങ്ങളും അടിയന്തിര സാഹചര്യങ്ങളും അറിയിക്കുന്നതിന് 24 മണിക്കൂറും പ്രവർത്തിക്കുന്ന 9496061061 ഹോട്ട് ലൈൻ ഡെസ്ക് സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | കെ.എസ്. ഇ .ബി സെക്ഷൻ ഡിവിഷൻ ഓഫീസുകളിൽ ക്ലാർക്ക് തസ്തികയിൽ മതിയായ സ്റ്റാഫ് ഇല്ലാത്തതിനാൽ ഉണ്ടാകുന്ന പ്രതിസന്ധികൾ പരിഹരിക്കുവാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;അറിയിക്കാമോ; | (ബി) | പീരുമേട് ഡിവിഷൻ, സെക്ഷൻ ഓഫീസുകളിൽ നിലവിലെ ക്ലാർക്ക് തസ്തികയിൽ ഒഴിവു വരുന്ന പക്ഷം താത്കാലിക അടിസ്ഥാനത്തിൽ വർക്ക് കോൺട്രാക്റ്റ് നൽകി പ്രതിസന്ധി പരിഹരിക്കുന്നതിനു നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ നിലവിൽ കെ.എസ്.ഇ.ബി. ലിമിറ്റഡിൽ 2022-ൽ |

| | | | |
|---|---|---|---|
| | | | പൊതുസ്ഥലമാറ്റ നടപടികൾ പൂർത്തീകരിച്ച് വരികയാണ്. ആയത് പൂർത്തിയാകുന്ന മുറയ്ക്ക് ആവശ്യമായ ജീവനക്കാരെ നിയമിക്കുന്നതിന് സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |
| (സി) | മലയോര മേഖലയായ ഇടുക്കി ജില്ലയിൽ ഇലക്ട്രിക് പോസ്റ്റ് ക്ഷാമം നികത്താനായി രണ്ട് പോൾ കാസ്റ്റിംഗ് യൂണിറ്റുകൾ അനുവദിക്കുകയുണ്ടായെങ്കിലും നാളിതുവരെ പോൾ കാസ്റ്റിംഗ് യൂണിറ്റുകളുടെ പണി ആരംഭിച്ചിട്ടില്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത പദ്ധതിയുടെ തൽസ്ഥിതി വ്യക്തമാക്കാമോ; | (സി) | മലയോര മേഖലയായ, ഇടുക്കി ജില്ലയിൽ ഇലക്ട്രിക് പോസ്റ്റിന്റെ ക്ഷാമം നികത്തുന്നതിനായി മൂലമറ്റത്ത് കെ.എസ്.ഇ.ബി.എൽ - ന്റെ കീഴിൽ പുതിയ പോൾ കാസ്റ്റിംഗ് യൂണിറ്റ് സ്ഥാപിക്കുന്നതിന്റെ ഭാഗമായിട്ടുള്ള പുതുക്കിയ ഭരണാനുമതി നൽകുവാനുള്ള പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു. |
| (ഡി) | വൈദ്യുതി ബോർഡിൽ നടപ്പാക്കാനുദ്ദേശിക്കുന്ന പുന:സംഘടനയുടെ ഭാഗമായി ഏതൊക്കെ തസ്തികകളുടെ എണ്ണമാണ് വെട്ടിച്ചുരുക്കുവാൻ തീരുമാനിച്ചിരിക്കുന്നത്; വിശദമാക്കാമോ? | (ഡി) | വൈദ്യുതി ബോർഡിൽ നടപ്പാക്കാനുദ്ദേശിക്കുന്ന പുന:സംഘടന സംബന്ധിച്ച് വിവിധ തലത്തിൽ ചർച്ചകൾ നടത്തി വരികയാണ്. തസ്തികകളുടെ എണ്ണം പുനർനിർണ്ണയിക്കുന്നത് സംബന്ധിച്ച് അന്തിമ തീരുമാനം കൈകൊണ്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ